# ഗവ. യു.പി സ്കൂൾ തിമിരി

## അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26 അക്കാദമിക വർഷത്തിൽ ഒന്നു മുതൽ ഏഴ് വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ നേടിയെടുക്കേണ്ട അക്കാദമിക മികവുകളെ കണ്ടെത്തുകയും അവ ഓരോന്നും നടക്കേണ്ട സമയം, ചുമതല, സാമ്പത്തിക സ്രോതസ്സ് എന്നിവ മുൻകൂട്ടി തീരുമാനിച്ച് കുട്ടികൾ ആർജിക്കേണ്ട പഠനലക്ഷ്യങ്ങൾ നേടിയെടുത്തുവെന്ന് ഉറപ്പാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. കുട്ടികളുടെ ബഹുമുഖമായ കഴിവുകളെ വികസിപ്പിക്കാൻ സഹായിക്കുന്ന തരത്തിൽ ഒന്നു മുതൽ ഏഴ് വരെ ക്ലാസുകളിലെ കുട്ടികളെ വിവിധ വിഷയങ്ങളുടെ അടിസ്ഥാനത്തിൽ അവരുടെ നിലവാരത്തിനനുസരിച്ച് മുഴുവൻ ശേഷികളും നേടിയെടുക്കുന്നുവെന്ന് ഉറപ്പാക്കാൻ അക്കാദമിക മാസ്റ്റർ പ്ലാൻ സഹായിക്കും. മുഴുവൻ രക്ഷിതാക്കളുടെയും നാട്ടുകാരുടെയും വിദ്യാഭ്യാസ വകുപ്പിന്റെയും മുമ്പാകെ ഈ മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു.

GOVT. U.P. SCHOOL THIMIRI
THIMIRI P.O.
670 581

HEADMASTER
GOVT. U.P. SCHOOL, THIMIRI
THIMIRI P.O. 670 581

ഭാഷ – 2025-26

| പ്രവർത്തനം | കാലം | ചുമതല |
|---|---|---|
| **സംയുക്ത ഡയറി**<br>ലളിതമായ വരകളിലൂടെയും എഴുത്തുകളിലൂടെയും സ്വന്തം ആശയങ്ങൾ പ്രകടിപ്പിക്കാൻ പ്രാപ്തരാക്കുക.<br>സ്വതന്ത്രരചന പരിപോഷിപ്പിക്കുന്നു.<br>സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു. | ജൂലൈ-മാർച്ച് | ക്ലാസ്ടീച്ചർ<br>CPTA |
| **പാട്ടരങ്ങ്, വായനോത്സവം, രചനോത്സവം**<br>താളം മനസ്സിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാന കവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.<br>ചിത്രം നോക്കി സ്വതന്ത്രമായി കഥകൾ എഴുതുവാനും പ്രാപ്തരാക്കുക. | ജൂൺ-മാർച്ച് | ക്ലാസ്ടീച്ചർ<br>CPTA |

| | | |
|---|---|---|
| ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു. | | |
| കുഞ്ഞെഴുത്ത് (സചിത്രപുസ്തകം) എഴുത്തിനും വായനയ്ക്കും ഒരു പോലെ പ്രാധാന്യം | ജൂൺ-മാർച്ച് | ക്ലാസ്ടീച്ചർ CPTA |
| ക്ലാസ്പത്രം രചനാശേഷി പരിപോഷിപ്പിക്കുന്നു വാർത്താവായന ശേഷി പരിപോഷിപ്പിക്കുന്നു. | ആഗസ്ത് | ക്ലാസ്ടീച്ചർ CPTA |
| റീഡേഴ്സ് തിയേറ്റർ മികച്ച വായനക്കാരനാക്കാൻ കുട്ടികളെ പ്രാപ്തരാക്കുക. മികച്ച അവതരണങ്ങൾ ക്ലാസ് സ്കൂൾതല സഭകളിൽ അവതരിപ്പിക്കാൻ അവസരം. | ജൂലൈ-മാർച്ച് | ക്ലാസ്ടീച്ചർ CPTA |

# English- 2025-26

| Objectives | Activities | Duration |
| --- | --- | --- |
| Familiarise English words denoting vechicles and birds. | vechicle sounds, Animals sounds | June-march |
| Able to describe familiar Objects orally stating physical atributes such as size, colour etc. | word game | June-march |
| To develop listening skills & reading skills | | |
| make word web, picture, description, word chain, sentence chain, riddles, add more lines, diary, letter, Announcement, magazines | | June-march |
| | | |

# ഗണിതം - 2025-26

| | | |
|---|---|---|
| **ഗണിത കേളികൾ**<br>ക്ലാസ്മുറിയിൽ കുട്ടികൾക്കായി വിവിധ ഗണിതകേളികൾ നടത്തുന്നു.<br>യുക്തിബോധം വളർത്തുന്നു.<br>ഗണിതപ്പാട്ടുകൾ, മഞ്ചാടിസഞ്ചി<br>എന്റെ കുഞ്ഞുപുസ്തകം. | ജൂൺ-മാർച്ച് | ക്ലാസ്ടീച്ചർ<br>രക്ഷിതാക്കൾ |
| **ഗണിത കിറ്റ്**<br>ഗണിതശേഷികൾ എളുപ്പത്തിലും രസകരവുമാക്കുന്നതിന്.<br>കൂട്ടുകാരെ കണ്ടെത്താം<br>ഡൊമിനോ കളികൾ<br>ബോൾ കളി | ജൂൺ- മാർച്ച് | ക്ലാസ്ടീച്ചർ<br>രക്ഷിതാക്കൾ |
| **വിജയസ്പർശം**<br>നിത്യജീവിതവുമായി ബന്ധപ്പെട്ട ഗണിതക്രിയകൾ ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുക. | ജൂൺ -<br>ഫെബ്രുവരി | ക്ലാസ്ടീച്ചർ<br>CPTA |

## പരിസരപഠനം - 2025-26

| | | |
|---|---|---|
| **പരീക്ഷണങ്ങൾ**<br>ചെറിയ ചെറിയ നിരീക്ഷണ പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.<br>പരീക്ഷണങ്ങൾ നിരീക്ഷിച്ച് അപഗ്രഥിച്ച് നിഗമനത്തിലെത്താൻ കുട്ടി സ്വയം പ്രാപ്തനാകുന്നു.<br>ശാസ്ത്രപഠനം ആസ്വാദ്യകരമാക്കുന്നു.<br>ജിജ്ഞാസ ഉണർത്തുന്നു. | ജൂൺ-മാർച്ച് | ക്ലാസ്ടീച്ചർ<br>കുട്ടികൾ<br>CPTA |
| **പ്രകൃതിനടത്തം**<br>നിരീക്ഷണം, വർഗീകരണം (മരങ്ങൾ, പൂക്കൾ, പക്ഷികൾ, ജന്തുക്കൾ) | ജൂൺ-മാർച്ച് | ക്ലാസ്ടീച്ചർ<br>കുട്ടികൾ<br>CPTA |
| **പലഹാരമേള**<br>പലതരം പലഹാരങ്ങൾ മനസ്സിലാക്കുന്നതിന്.<br>ഉണ്ടാക്കുന്ന വിധം മനസ്സിലാക്കുന്നതിന്. | ജൂൺ -<br>ഫെബ്രുവരി | ക്ലാസ്ടീച്ചർ<br>SRG |

| ലക്ഷ്യങ്ങൾ | പ്രവർത്തനത്തിന്റെ അവതരണം. | സമയം. | പഠനോപകരണം | ഉപസാധ്യതകൾ |
|---|---|---|---|---|
| അക്ഷരങ്ങൾ തിരിച്ചറിയുന്നു. വാക്യം/വാചകങ്ങൾ വായിക്കുന്നു, എഴുതുന്നു. | അക്ഷരകാർഡ്, word കാർഡ്, പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രപടങ്ങൾ, പുസ്തകത്തിലെ ചിത്രപടങ്ങൾ | സായാഹ്നക്ലാസ്. | കാർഡുകൾ വർക്ക്ഷീറ്റ് | ഉണ്ട്. ICT |
| ആശയവിനിമയങ്ങളിലൂടെ വായിക്കാനും എഴുതാനും കഴിവുണ്ടാകുന്നു. | പാഠഭാഗങ്ങൾ, പദങ്ങൾ, textbook വായിക്കാനും കേൾക്കാനും അവസരം | പ്രത്യേക ക്ലാസ്, സായാഹ്നക്ലാസ്. പാഠപ്രവർത്തനങ്ങൾ | TB പ്രവർത്തന പത്രങ്ങൾ ഷീറ്റുകൾ | ICT. |
| അഭിപ്രായപ്രകടനാവസരം സൃഷ്ടിക്കുന്നതിലൂടെ കഴിവ് വർദ്ധിപ്പിക്കുന്നു | ചർച്ചകൾ വാർത്തകൾ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ചർച്ചകൾ | പാഠഭാഗം പഠിപ്പിക്കുമ്പോൾ സന്ദർഭോചിതം | പുസ്തകങ്ങൾ | ICT. |

# ഗണിതം.

| ലക്ഷ്യം | പ്രവർത്തനരീതി | സമയം | പഠനോപകരണം | മുസാധ്യതകൾ |
|---|---|---|---|---|
| 1-10,000 വരെ എഴുതാനും വായിക്കാനും | സംഖ്യാകാർഡ് ഇതിനോട്ട്, T B | പ്രടാക്കുക്ക് | ഗണിതകിറ്റ് സംഖ്യാകാർഡ്. | ICT |
| ഗണിതപഠനസമീപനം രസകരമാക്കുന്നതും ലക്ഷ്യം ഉണർത്തുന്നതുമാക്കൽ | ഗണിതത്തിൽ താല്പര്യം ഉണ്ടാക്കുന്നതിന് വിവിധതരത്തിലൂടെ പഠനം നടത്തുക. ഉദാ: പസ്സിൽ എന്നിവ. | പാഠഭാഗപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട്. | ഗണിതകിറ്റ് ക്വിസ് ചോദ്യങ്ങൾ, ചെസ് എന്നിവയും പസ്സിൽ | ICT |
| പ്രയോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഇന്നത്തെ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം. | തുടർപ്രവർത്തനങ്ങൾ പാഠാസൂത്രണം. | | ICT. |
| ജീവിതത്തിലെ ആവശ്യങ്ങൾ ആളുകളുടെ അളവുകളിലൂടെ വരയ്ക്കാം. | ചുറ്റുമുള്ള ജീവിതത്തിൽ ആവശ്യങ്ങളെക്കുറിച്ച് യാത്ര വരുന്നതിനുള്ള പ്രവർത്തനം | പാഠാസൂത്രണം Project. | ആവശ്യമുള്ള സമചതുരം, ത്രികോണം. | |

പരിസര പഠനം.

| ലക്ഷ്യം | പ്രവർത്തനം | സമയം | പഠനോപകരണം | മൂല്യ… |
|---|---|---|---|---|
| മനുഷ്യനിർമ്മിത- സൃഷ്ടികൾ തിരിച്ചറിയുന്നു. അവയെ വർഗീകരിക്കുന്നു. | പാഠഭാഗത്തെ വിവിധ പ്രവർത്തനങ്ങൾ, project | നിരീക്ഷണങ്ങൾ പരിശോധന | ചിത്രങ്ങൾ, ബുക്കിൽ | ICT ചർച്ച |
| പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വിദ്യാർത്ഥികളെ തിരിച്ചറിയുന്നതിനുള്ള കഴിവ്. | പരിസ്ഥിതി പാഠഭാഗത്തെ അനുബന്ധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി | ക്ലാസ് ചർച്ചകൾ നിരീക്ഷണങ്ങൾ | പരിസ്ഥിതി ചിത്രങ്ങൾ | ICT |
| വിവിധ വസ്തുക്കൾ, ഉപയോഗിച്ച് നിർമിക്കുന്ന വിവിധ മാതൃക നിർമ്മിക്കുന്നതിനുള്ള കഴിവ്. | ചിത്രങ്ങൾ, വിവിധ വസ്തു പരിസ്ഥിതി- കളിൽ ചെയ്യുന്ന ഉപ- കരണങ്ങൾ നിർമി- ക്കുന്നതിനുള്ള അവസരം | നിരീക്ഷണം | വസ്തു ശേഖരണം നിർമാണവസ്തുക്കൾ | ICT |

# യു.പി. മലയാളം 2025-26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 1) ഭാഷയുടെ അടിസ്ഥാനശേഷി വികസനം. ആശയസംവദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | എന്റെ അവധിക്കാലം: പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർഥപൂർണ്ണമായ വായന ~~[illegible]~~ ഉറപ്പ് വരുത്തുക. | ഭാഷാകേളി: അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചുവരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്: അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | വാർത്താലോകത്തേക്ക്: പത്രം, ആഴ്ച്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |

# യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3. സാഹിത്യകൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | വാർത്താവായന:<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ്സ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു.<br>അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്സ്, സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി ക്വിസ് മത്സരം നടത്തുന്നു. | പ്രതിമാസം<br>വർഷത്തിൽ മൂന്ന് പ്രാവശ്യം<br>വർഷത്തിൽ രണ്ട് പ്രാവശ്യം. | മലയാളം ക്ലബ്ബ്<br>മലയാളം ക്ലബ്ബ്<br>ഹെഡ് മിസ്ട്രസ്, മലയാളം അധ്യാപകർ | മലയാളം ക്ലബ്ബ്<br>പി.ടി.എ |
| 4. മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി പഠിതാക്കളുടെയും സർഗ്ഗാത്മക ശേഷി വളർത്തലും. | സംവാദം/മുഖാമുഖം:<br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള കുട്ടി മുഖസംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു.<br>ഇ കമ്പ്യൂട്ടറിംഗ്:<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.<br>മുഴുവൻ പഠിതാക്കളുടെയും മാഗസിൻ തയ്യാറാക്കുന്നു. | രണ്ട് വർഷം<br>വർഷാവസാനം | മലയാളം ഐ.ടി അധ്യാപകർ<br>മലയാളം അധ്യാപകർ. | മലയാളം ക്ലബ്ബ് |

# യു. പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 5. പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ<br><br>6. കുട്ടികളുടെ ആകാശവാണി, സെന്റ് മേരീസ് എഫ്. എം. അവതരണ മികവ്. | രംഗാവിഷ്കാരം: പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ചുകൊണ്ട് ശില്പശാലകൾ നടത്തുന്നു. സെന്റ് മേരീസ് എഫ്. എം. വിശേഷദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധരംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു. | അക്കാദമിക് വർഷം<br><br>തുടക്കത്തിൽ ആഴ്ചയിൽ ഒന്ന്, പിന്നീട് എല്ലാദിവസവും | പി. ടി. എ, സ്കൂൾ ക്ലാസ് ലീഡർമാർ സ്കൂൾ ലീഡർ, മലയാളം അധ്യാപകർ സ്റ്റാഫ് | പി. ടി. എ വിവിധ ക്ലബ്ബുകൾ, പി. ടി. എ |

2025-26

| Aim | Activities | period | Responsibility | Source of income |
|---|---|---|---|---|
| 1) Giving opportunity to proper listening and speaking of English. | Lend your Ear - To make hear English ~~audi~~ recorded English audios in a simple and funny way. Encourage students to answer the related questions. | July<br>June | English teacher | English club. |
| | Follow Me If you can! Giving training to perform like the instructions given. | November | English teacher | |
| | Breaking News. To make hear listening English radio news. Giving opportunity to listen the proper pronunciation. | June | | |
| | Missing Man. To make hear the ~~Conversation between~~ recorded conversation between the teacher and a student. | | | |

| | | | |
|---|---|---|---|
| 2) practices imaginative reading | I Too can! Arranging different types of reading cards. Giving opportunity to read without any mistakes. [From simple to complex]. | july | English teacher. |
| | Leaning Ladder Giving opportunity to read selected words from the lessons infront of the mirror. Those who find the whole words can conquer the heights of the ladder and will got the hidden gift. | september | |
| | FM Corner Giving opportunity to perform diverse stories as Reader's Theatre Radio Drama. | once in a term | English teacher. |
| | Reader of the Month Honouring the reader of the month by reading English Newspaper. | Monthly | |

| | | | | |
|---|---|---|---|---|
| 3) Enable to read English and write English without any mistakes | My Droplets Making Class Magazine and mini dictionary using artistic productions of students. | End of the year | | |
| | Alert zone Exhibiting sign boards, posters, notices in the school and classrooms. | In day celebrations. | | |
| | Run Baby Run Making groups in the class. Exhibiting words written in the chart and read once. Then writing the words into another chart. ~~those~~ The group which wrote without any mistakes will be winner. | February. | | |
| | Fun time Funda Giving opportunity to present riddles, puzzles, tricky questions, jokes in the classroom | ~~Att~~ In all English period. | | |

| | | | |
|---|---|---|---|
| 4) Increasing self-confidence towards English language. | The Grand Camp Conducting an English camp including parents and other peoples in the society having a thorough knowledge in English language. Giving opportunity to students in class 5, 6, 7 to perform different programmes in ~~front~~ the stage.<br>Story telling and story writing for class 5, Role play and drama for class 6. and speech about the poem for class 7 etc. Documentary and filmshow at the end of the camp. | End of the year | English teachers, P.T.A representativ and parents. |

यू.पी. हिंदी 2025-26

| उद्देश्य | गतिविधियाँ | समय |
| --- | --- | --- |
| 1) 5, 6, 7 कक्षा में अक्षर बोध जगाना। हिंदी भाषा की शुरुआत पाँचवी कक्षा से होती है। इसलिए बच्चों मे हिंदी भाषा के प्रति रुचि उत्पन्न कराना, हिंदी अक्षरों से परिचय पाना, आदि उद्देश्य है। | नये शब्द, बार-बार सुनाकर श्यामपट पर लिखकर, लिखने की तरीका समझाने का प्रयास करता है। चित्रों की सहायता से शब्दों को पहचानकर फिर उस शब्द से अक्षर का बोध जगाते हैं। ICT की सहायता से अक्षरों की संरचना सिखाते हैं। | जून से लेकर फरवरी तक। |

| | | |
|---|---|---|
| 2) वाचन प्रक्रिया<br>छात्रों को हिंदी वाचन प्रक्रिया में सक्षम बनाना। | वाचन कार्ड, छोटी कहानी पुस्तक, चित्रकहानी जैसे वाचन सामग्रियों की सहायता से बच्चों में वाचन के प्रति रुचि बढ़ाने का काम करते हैं | जून से लेकर फरवरी तक। |
| 3) हिंदी में आशय-विनिमय करने की क्षमता बढ़ाना। | कक्षा मे हिंदी का माहौल बनाना हिंदी का प्रयोग कक्षा में लाने के लिए ICT द्वारा छोटी-छोटी कार्टून जैसे दिखाते हैं<br>3 बच्चों में शब्द-भण्डार, | |

# - U.P അടിസ്ഥാനശാസ്ത്രം - 2025-26

| ക്രമ നമ്പർ | പദ്ധതി | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ചെലവ് | വിലയിരുത്തൽ |
|---|---|---|---|---|---|---|---|
| 1 | ഓണത്തിന് ഒരു മുറം പച്ചക്കറി | * കൃഷിയുടെ പ്രാധാന്യം തിരിച്ചറിയൽ * വിഷരഹിത പച്ചക്കറി | പച്ചക്കറിത്തോട്ടം നിർമ്മാണം | ജൂൺ - ആഗസ്റ്റ് | PTA അംഗങ്ങൾ | 1000 | H.M, രക്ഷാകർതൃ സമിതി. |
| 2 | ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം | ജീവികളുടെ പരസ്പര ആശ്രയത്വം ആവാസ വ്യവസ്ഥ എന്നിവ തിരിച്ചറിയൽ | ശലഭോദ്യാനം മെച്ചപ്പെടുത്തൽ. ഔഷധ സസ്യങ്ങളുടെ നടീൽ സ്ഥലം നിർണ്ണയം കുളം നവീകരണം. | ജൂലൈ - ഡിസംബർ | PTA ശാസ്ത്ര ക്ലബ്ബ് | 4000 | സ്കൂൾ വികസന സമിതി. |
| 3 | മഴവെള്ള - കൊയ്ത്ത് | മഴവെള്ള സംഭരണം - ചർച്ച * സ്കൂൾ കുളം നവീകരണം * വീടുകളിലെ സാഹചര്യം അന്വേഷിച്ച് സംഭരണി നിർമ്മാണം * ഗൃഹസന്ദർശനം * വിലയിരുത്തൽ * [illegible] | മഴവെള്ളം പാഴാകുന്ന സന്ദർഭം തിരിച്ചറിഞ്ഞ് സംരക്ഷണ മാർഗ്ഗങ്ങൾ കണ്ടെത്തുന്നു. | ജൂലൈ - നവംബർ | ശാസ്ത്ര അധ്യാപകർ കുട്ടികൾ | 1500. | വാർഡ് മെമ്പർ Eco club. |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | പ്രാദേശിക പകർച്ച വ്യാധികൾ കണ്ടെത്തലും പരിഹാരവും | പ്രാദേശിക പകർച്ചവ്യാധികൾ കണ്ടെത്തി പരിഹാരം നിർദ്ദേശിക്കുന്നു. | * സർവ്വേ<br>* ചെക്ക് ലിസ്റ്റ്<br>* ഡാറ്റ ശേഖരണം<br>* ഡാറ്റ വ്യാഖ്യാനം<br>* റിപ്പോർട്ട് അവതരണം | Aug - Sept. | ഹെൽത്ത് ക്ലബ്ബ്. | 2000 | H.M. അധ്യാപകർ. |
| 5 | ഭക്ഷ്യമേള | കാർഷിക, കിഴങ്ങു വർഗ്ഗങ്ങൾ ഉപയോഗിച്ച് ഉൽപന്നം ഉണ്ടാക്കൽ പ്രദർശിപ്പിക്കൽ. | മില്ലറ്റിനെക്കുറിച്ച്. കിഴങ്ങ് ഉപയോഗിച്ച് ഭക്ഷ്യോൽപ്പന്നം നിർമ്മിക്കൽ | ഒക്ടോ. | ശാസ്ത്ര ക്ലബ്ബ്. | 1000. | ക്ലാസ് അധ്യാപിക. |
| 6 | പച്ചില ഔഷധം. | ഔഷധ സസ്യങ്ങൾ സർവ്വേ | * പച്ചിലയുടെ ഔഷധ ഗുണങ്ങൾ സംബന്ധിച്ച് സർവ്വേ<br>* ഔഷധ സസ്യം കളും പരിചയം ചാർട്ട്<br>* ബോധവൽക്കരണം. | ഡിസംബർ. | ആരോഗ്യ ക്ലബ്ബ്. | 500. | ക്ലാസ് അധ്യാപിക. |

സാമൂഹ്യശാസ്ത്രം **2025-26**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| 1) സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | അക്കാണ്ട് - കളിയിൽ നിന്ന് കാര്യത്തിലേക്ക് സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് പ്രോബ്ലങ്ങൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| | ഓർമച്ചെപ്പ് അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് Memory test നടത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | Virtual Field Trip<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്<br>ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസിലാക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4) പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി | | | | |

| | | | | |
|---|---|---|---|---|
| രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | പ്രകൃതിതാണ്ഡവം: നേർക്കാഴ്ച ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 5) സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | നമ്മുടെ നുറുങ്ങുവെട്ടം പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരമൊരുക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി. |

## മേഖല യു.പി. ഗണിതം 2025-26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപ്പശാല**<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,........ ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപ്പശാല**<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലംബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്**<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം**<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപ്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനീക ശാസ്ത്ര സാങ്കേതികം വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ**<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതു പോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |